പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2025 18.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.-യെ ആധുനിക വൽക്കരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | ഉണ്ട്; ഓൺ - ലൈൻ സംവിധാനം, ബസ് സ്റ്റേഷനുകളുടേയും വർക്കുഷോപ്പുകളുടേയും നവീകരണം, ജീവനക്കാർക്ക് ഉയർന്ന നിലവാരത്തിലുള്ള പരിശീലനം, ബസുകളിൽ G.P.S സംവിധാനം ഏർപ്പെടുത്തുക എന്നീ മേഖലകളിലാണ് ആധുനികവല്ക്കരണം ഉദ്ദേശിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി.-യിൽ ഇ-ടിക്കറ്റ് മെഷീൻ ഈ സാമ്പത്തികവർഷം വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്;<br>4000 എണ്ണത്തിനാണ് നിലവിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | കെ.എസ്.ആർ.ടി.സി.യെ ആധുനികവൽക്കരിക്കുന്നതിന്റെ ഫലമായി സ്ഥാപനത്തിൻെറ നഷ്ടം കുറയ്ക്കുവാനും പൊതുജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുവാനും കഴിയുമോ എന്ന് വ്യക്തമാക്കാമോ ; | (സി) | കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ മിനി ബസ് സർവ്വീസ് നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) | പുതിയതായി മിനി ബസുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നില്ല. മുമ്പ് വാങ്ങിയവ കാലപ്പഴക്കം മൂലം പിൻവലിച്ചിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി. ഈ വർഷം ഒരു ദിവസം എത്ര ഷെഡ്യൂൾ ആണ് ഓപ്പറേറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ? | (ഇ) | ശരാശരി 5000 ഷെഡ്യൂൾ ആണ് ഒരു ദിവസം ഓപ്പറേറ്റു ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ